(ഡി) 16-1-2002-ലെ സ. ഉ. (പി) 56/02/ധന. ഉത്തരവിലെ ഖണ്ഡിക 16 പ്രകാരം പുതുതായി സർക്കാർ സർവ്വീസിലും/പെൻഷൻ പദ്ധതി നിലവിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലും ജോലിയിൽ പ്രവേശിക്കുന്നവർക്ക് കോൺട്രിബ്യൂട്ടറി പെൻഷൻ സ്കീം നടപ്പിലാക്കുവാൻ നയപരമായി തീരുമാനം എടുത്തിട്ടുണ്ട്. കേന്ദ്ര സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതിയുടെ വിശദാംശങ്ങൾ അറിഞ്ഞ ശേഷം സ്കീം നടപ്പാക്കുന്നതാണ്.

(ഇ) ഇല്ല.

(എഫ്) പരിശോധിച്ചുവരുന്നു.

പൊതുമുതൽ നശപ്പിക്കുന്നവരിൽനിന്നും നഷ്ടം ഈടാക്കുവാൻ നടപടി

*23 [323] ശ്രീ. ടി. എൻ. പ്രതാപൻ :

,, ടി. യു. രാധാകൃഷ്ണൻ :

,, ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഹർത്താൽ, ജാഥ എന്നിവ നടത്തുമ്പോൾ പൊതുമുതൽ നശിപ്പിക്കുന്നവരിൽനിന്നും നഷ്ടം ഈടാക്കുവാനുദ്ദേശ്യമുണ്ടോ;

(ബി) എങ്കിൽ പൊതുമുതൽ എന്നതിൽ ഗവൺമെന്റിന്റെയോ പൊതുമേഖലാ സ്ഥാപനങ്ങളുടെയോ വസ്തുവകകൾ മാത്രം ഉൾപ്പെടുത്താനാണോ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഹർത്താലിന്റേയും, ജാഥയുടേയും പേരിൽ വ്യക്തികളുടെ മുതൽ നശിപ്പിക്കുമ്പോഴും നഷ്ടം ഈടാക്കുന്നതിന് വ്യവസ്ഥയുണ്ടാക്കുമോ എന്ന് വ്യക്ത മാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ) ഉണ്ട്. 17-12-2003 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ ജി. ഒ. (എം. എസ്.) 277/2003/ആഭ്യന്തരം പ്രകാരം ഹർത്താൽ, ജാഥ എന്നിവ നടത്തുമ്പോൾ പൊതുമുതൽ നശിപ്പിക്കുന്നവരിൽനിന്നും നഷ്ടം ഈടാക്കാൻ വ്യവസ്ഥ യുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധം ആയി ചേർത്തിട്ടുണ്ട്.†

(ബി) 17-12-2003-ലെ ജി. ഒ. (എം. എസ്.) 277/2003/ആഭ്യന്തരം പ്രകാരമുള്ള സർക്കാർ ഉത്തരവിൽ ആറാം ഖണ്ഡികയിൽ പ്രതിപാദിക്കുന്നത് പ്രകാരം

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1. കേന്ദ്രസർക്കാർ
2. ഏതെങ്കിലും സംസ്ഥാന സർക്കാർ
3. ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ
4. സെൻട്രൽ ഗവൺമെന്റ്/സംസ്ഥാന ഗവൺമെന്റ് ആക്റ്റ് അനുസരിച്ച് രൂപീകരിക്കപ്പെട്ടിട്ടുള്ള സ്ഥാപനങ്ങൾ
5. കമ്പനി ആക്റ്റ് 1956-ലെ സെക്ഷൻ 617 പ്രകാരം രൂപീകരിച്ചിട്ടുള്ള ഏതെങ്കിലും കമ്പനികൾ.
6. സംസ്ഥാന/കേന്ദ്ര സർക്കാരുകളുടെ നിയന്ത്രണത്തിലുള്ള സ്വയംഭരണ സ്ഥാപനങ്ങളോ, ഓർഗനൈസേഷനുകളോ എന്നിവയുടെ വസ്തു വകകൾ മാത്രം ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്.

(സി) നിലവിലുള്ള നിയമ വ്യവസ്ഥിതി അനുസരിച്ച് വ്യക്തികളുടെ മുതൽ നശിപ്പിക്കപ്പെട്ടാൽ കോടതി മുഖാന്തിരം നഷ്ടപരിഹാരം തേടാവുന്നതാണ്.

വിജിലൻസ് റെയ്ഡുകൾ

*24 [324] ശ്രീ. സ്റ്റീഫൻ ജോർജ് :
,, തോമസ് ഉണ്ണിയാടൻ :
,, ജോസഫ് എം. പുതുശ്ശേരി :
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അഴിമതി നിർമാർജ്ജനാർത്ഥം എത്ര വിജിലൻസ് റെയ്ഡുകൾ നടത്തിയെന്നും ഓരോ വകുപ്പിലും എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തുവെന്നും വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് അഴിമതി സാദ്ധ്യതയുള്ള വകുപ്പുകളിൽ കൃത്യമായ ഇടവേളകളിൽ വിജിലൻസ് റെയ്ഡ് നടത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാന വിജിലൻസിൽ കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കുവാനും വിജിലൻസ് വകുപ്പ് പരിഷ്കരിക്കുവാനും നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ) 12 വിജിലൻസ് റെയ്ഡുകൾ നടത്തിയിട്ടുണ്ട്.

മോട്ടോർ വാഹന വകുപ്പിൽ നടത്തിയ റെയ്ഡിനെത്തുടർന്ന് രണ്ടു വിജിലൻസ് കേസുകൾ രജിസ്ട്രർ ചെയ്തിട്ടുണ്ട്. സബ് രജിസ്റ്റാർ ആഫീസുകളിൽ നടത്തിയ റെയ്ഡിനെത്തുടർന്ന് 5 വിജിലൻസ് കേസുകൾ രജിസ്റ്റർ

LIBRARY ARCHIVES Kerala Legislative Assembly